MALAYALAM – JANUARY 2012

# WORKSHEET – CLASS X

## മലയാളം

---

**I. പ്രയോഗം മാറ്റുക**

1. അയാൾ ടാക്സിയിൽ നിന്ന് സാക്ഷികളെ ഇറക്കി.
2. നമ്മൾ തുമ്പപ്പൂവിനെ കണ്ടില്ലെന്നു നടിക്കുന്നു.
3. അയാൾ അന്നത്തെ സഹപ്രവർത്തകരെ ഓർക്കുന്നു.
4. കവി കുളത്തിലെ വെള്ളത്തിന്റെ കുളിര് ആസ്വദിച്ചു.
5. ഗാന്ധിജി യന്ത്രഭ്രമത്തെ വിമർശിക്കുന്നു.

**II. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക**

1. ഗ്രാമപാതയിലെത്തിയപ്പോൾ ഞാൻ നിശ്ചിന്തനായി.
2. ജാതിച്ചുവട്ടിൽ ജലസേകമേകുമ്പോൾ മനുഷ്യർ തുമ്പച്ചെടിയെ വലിച്ചുമാറ്റുന്നു.
3. ഒപ്പമുണ്ടായിരുന്നവർ ഏണിപ്പടികൾ കയറിപ്പോകുമ്പോൾ അയാൾ ബൊക്കെയും പുഞ്ചിരിയും സമ്മാനിച്ചു.
4. എന്നാൽ അതു നമ്മെ അടിമപ്പെടുത്തുമ്പോൾ ഞാൻ യന്ത്രത്തിന് എതിരാണ്.
5. യന്ത്രങ്ങളെ ആശ്രയിച്ച് ജീവിച്ചാൽ മനുഷ്യന്റെ കർമ്മശക്തി ക്ഷയിക്കും.

**III. അർത്ഥവ്യത്യാസം വരാതെ വിധി വാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.**

1. സിതാംബുജങ്ങൾ ചേറിൽ കുരുക്കുന്നു.
2. കവി ഫയൽക്കെട്ടുകൾ പടിപ്പുരയിൽ സൂക്ഷിച്ചു.
3. തനിക്കുള്ളത് താൻ ചോദിച്ചു മേടിക്കണം.
4. യേശുദേവൻ വിരുന്നുശാലയിൽ പ്രവേശിച്ചു.
5. എല്ലാവർക്കും സമയവും പ്രയത്നവും ലഘൂകരിച്ചു കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു.

**IV. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

1. ഇന്നു ഗാന്ധിജിയുടെ ശബ്ദത്തിന് കട്ടി കൂടിയതായും ലോകത്തിന്റെ എതിർപ്പ് കുറഞ്ഞു വരുന്നതും ശ്രദ്ധിച്ചാൽ മനസ്സിലാക്കാം.
2. രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തങ്ങൾ മാത്രമല്ല, ആത്മീയമായ അടിമത്തംകൂടി യന്ത്രം ഉണ്ടാക്കി സൃഷ്ടിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് അപ്പോൾ വെളിവായി.
3. പൂർവാപരവിരുദ്ധമെന്നു തോന്നിക്കാനിടയുള്ള തന്റെ പഴയതും നൂതനവും പുതിയതുമായ അഭിപ്രായങ്ങളെ അന്യോന്യം അദ്ദേഹം ഇണക്കിനിർത്തുന്നുണ്ട്.
4. സർക്കാർ ഉദ്യോഗസ്ഥന്റെ മുഖമോ മനസ്സും എടുത്തണിയാൻ സാധിച്ചിരുന്നില്ല.
5. കൈയിലെ ഫയലിന് രൂപാന്തര മാറ്റമുണ്ടാകുന്നു.